## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4154 16.03.2017-ലെ മറുപടി

### കാസർഗോഡ് ജില്ലയിലെ നബാർഡ് ശുദ്ധജലപദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന്: | | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ | കാസർഗോഡ് ജില്ലയിൽ നബാർഡ്-ആർ.ഐ.ഡി. എഫ്. XVIII ന്റെ ഭാഗമായി മൊഗ്രാൽ പുത്തൂർ, മധൂർ, ചെങ്കള, മുളിയാർ എന്നീ പഞ്ചായത്തുകളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിന് ആരംഭിച്ച റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ (RWSS) പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | എ കാസർഗോഡ് ജില്ലയിൽ മൊഗ്രാൽ പുത്തൂർ, മധൂർ, ചെങ്കള, മുളിയാർ എന്നീ പഞ്ചായത്തുകളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിന് 2 ഘട്ടങ്ങളിലായിട്ടുള്ള രീതിയിലാണ് റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടം എ.ആർ.പി യിൽ ഉൾപ്പെടുത്തിയാണ് ചെയ്തു വരുന്നത്. രണ്ടാം ഘട്ടം നബാർഡ്-ആർ.ഐ.ഡി.എഫ്. XVIII-ൽ ഉൾപ്പെടുത്തിയാണ് ചെയ്തു വരുന്നത്. പദ്ധതിയുടെ പ്രവർത്തന പുരോഗതി താഴെപ്പറയും പ്രകാരമാണ്.<br><br>ഒന്നാംഘട്ടം - ജലശുദ്ധീകരണശാലയുടെ പ്രവൃത്തി ഒഴികെ എല്ലാ പ്രവൃത്തികളും പൂർത്തിയായി. പ്രസ്തുത ജലശുദ്ധീകരണശാലയുടെ പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാനുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>രണ്ടാംഘട്ടം - ഇന്റർ കണക്ഷൻ പ്രവൃത്തികളും പമ്പ് സെറ്റ്, ട്രാൻസ് ഫോർമർ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികളും ഒഴികെ ബാക്കിയെല്ലാ പ്രവൃത്തികളും പൂർത്തിയായി. |
| ബി | ഈ പദ്ധതി പ്രവർത്തനം എപ്പോൾ ആരംഭിച്ചു എന്നും കരാറുകാരൻ ആരാണെന്നും കരാർ കാലാവധി എത്രയാണെന്നും വിശദമാക്കാമോ; | ബി ഒന്നാം ഘട്ടം - 13.06.2013-ന് പ്രവൃത്തി ആരംഭിച്ചു.<br>രണ്ടാം ഘട്ടം - 26.02.2014-ന് പ്രവൃത്തി ആരംഭിച്ചു.<br>ഒന്നാംഘട്ടം - പാക്കേജ് 1 & 2 - റീനാ എഞ്ചിനീയേഴ്സ് & കോൺട്രാക്റ്റേഴ്സ്, ഗോവ കാലാവധി (1 വർഷം).<br>പാക്കേജ് 3 - ലക്ഷ്മി സിവിൽ എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, മഹാരാഷ്ട്ര കാലാവധി (1 വർഷം)<br>രണ്ടാം ഘട്ടം - റീനാ എഞ്ചിനീയേഴ്സ് & കോൺട്രാക്റ്റേഴ്സ്, ഗോവ കാലാവധി (1 വർഷം). |

| | | | |
|---|---|---|---|
| സി | എത്ര തുകയുടെ പദ്ധതിയാണി തെന്നും ഇതുവരെ എത്ര തുകയുടെ പ്രവർത്തനം നടത്തിയെന്നും വ്യക്തമാക്കാമോ; | സി | ഒന്നാംഘട്ടം - 1980 ലക്ഷം. ഇതിൽ 1327.05 ലക്ഷം രൂപ ചെലവായി<br><br>രണ്ടാംഘട്ടം - 2350 ലക്ഷം. ഇതിൽ 1720.61 ലക്ഷം രൂപ ചെലവായി |
| ഡി | ഈ പദ്ധതിയുടെ ഭാഗമായി മുളിയാർ പഞ്ചായത്തിലെ ബോവിക്കാനത്ത് ആരംഭിച്ച ടാങ്കിന്റെ നിർമ്മാണം പൂർത്തീക രിച്ചോ എന്ന് വ്യക്തമാക്കാമോ; ഇത് പോലെ ഏതെല്ലാം പ്രദേശ ങ്ങളിൽ ടാങ്ക് നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | ഡി | ബോവിക്കാനത്തുള്ള ടാങ്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ഇതിനു പുറമെ ചെങ്കള (2 എണ്ണം), പാറക്കട്ട, ഇരിയണ്ണി, ബന്തടുക്ക എന്നിങ്ങനെ 6 ടാങ്കുകളുടെ നിർമ്മാണം പൂർത്തിയായി. |
| ഇ | ഈ പദ്ധതിയുടെ ഭാഗമായി എത്ര കിലോമീറ്റർ പൈപ്പ് ലൈനാണ് സ്ഥാപിക്കുന്നതെന്നും ഇതിനകം എത്ര കിലോമീറ്റർ സ്ഥാപിച്ചു കഴിഞ്ഞു എന്നും വ്യക്ത മാക്കാമോ? | ഇ | ഒന്നാം ഘട്ടം - 4940 മീറ്റർ പ്രവൃത്തിയിൽ 4800 മീറ്റർ പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തിയായി.<br><br>രണ്ടാം ഘട്ടം - 75,000 മീറ്റർ പ്രവൃത്തിയിൽ 70,000 മീറ്റർ പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തിയായി. |

RenukaSankar

സെക്ഷൻ ഓഫീസർ